**GAZETTE DATE :15/06/2024**
**LAST DATE :17/07/2024**

## SPECIAL RECRUITMENT - STATEWIDE
## CATEGORY NO: 143/2024

Applications are invited from qualified **Scheduled Caste/Scheduled Tribe** candidates of Kerala State for selection to the following post. Applications must be submitted online through the official website of the Kerala Public Service Commission after One Time Registration. Candidates who have already registered can apply through their profile.

1. **Name of Department** : Factories and Boilers
2. **Name of post** : Chemical Inspector / Technical Assistant (Chemical) (Special Recruitment for SC/ST)
3. **Scale of pay** : ₹ 55200 - 115300 /-
4. **No. of Vacancy** : 01 (One) SC/ST

**Note:** The above Vacancy is now in existence. The Ranked list of selected candidates published by the Commission shall remain in force for a minimum period of one year and a maximum period of three years provided that the said list will not continue to be in force if a new list after the expiry of the minimum period of one year is published for this post under the same method of appointment. Advice for appointment will be made for the above vacancy and also for the vacancies reported for Special Recruitment from Scheduled Caste/Scheduled Tribe during the pendency of the list. Vacancies of the above post reported exclusively for Scheduled Tribes will also be advised from this list and only in the absence of Scheduled Tribe candidates in this list, fresh notification for 'Scheduled Tribes' will be issued for such vacancies.

5. **Method of Appointment** : Direct Recruitment (Special Recruitment for Scheduled Caste/Scheduled Tribes only).

**Note:-** Applications received from candidates other than Scheduled Caste/Scheduled Tribe candidates will be rejected. Individual communications regarding the rejection of their applications for the above reason will not be issued.

6. **Age** : 23-41
   Only Candidates born between 02.01.1983 and 01.01.2001 (both dates included) are eligible to apply for this post. No other age relaxation will be allowed.

**Note:-** In the absence of qualified candidates within the age limit the upper age limit shall be relaxed up to 50 years. But, in no case, the maximum age limit shall exceed 50 (Fifty) years.

7. **Qualifications:**

   1) Must possess a degree in Chemical Engineering / Chemical Technology of a recognised university with a minimum 55 % marks.

2) Minimum 2 years experience (after acquiring the degree) in a supervisory capacity in a Chemical Industry or Laboratory run by any State Government or Central Government or by any Quasi Government public enterprise.

**Note:-** 1. The Degrees / Diplomas awarded by UGC approved Universities or Institutions established through an Act passed by the Parliament/State Legislative Assembly in accordance with the conditions laid down in G.O(M.S) No. 526/PD dated 17.07.1965 are acceptable for appointment in Government Services.

Link

https://www.keralapsc.gov.in/sites/default/files/inline-files/circular _12_18_1.pdf

2. Rule 10 (a) (ii) of part II of KS&SSR is applicable.

3. In addition to the qualifications prescribed in the notification, the qualifications recognized by Executive Orders or Standing Orders of Government as equivalent to a qualification specified for a post, in the Special Rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government Orders declaring equivalent / higher qualifications shall be produced as and when required by the Commission.

4. The experience qualification prescribed for appointment shall be acquired after obtaining the basic essential qualification.

5. The genuineness of the Experience certificate shall be subjected to verification and legal action will be taken against those producing bogus certificate.

6. Candidates who claim experience should obtain Experience Certificate in the following format and should enter details in their profile regarding experience (Certificate number, date, name of post, period, issuing authority, name of institution etc.) and upload scanned image of the same before submitting application. Candidates should produce the Certificate before the Commission as and when asked for the same.

FORM OF EXPERIENCE CERTIFICATE

1. Name of the Chemical Industry / Laboratory :
(clearly indicate whether run by State Governemnt / Central Government /Quasi Government public enterprise)
(Strike off whichever is not applicable)

2. Registration Number :
(SSI Registration or any other Registration number and date of Registration.)

3. Authority who issued Registration :

CERTIFICATE OF EXPERIENCE

Issued to…..........................................................................................................................

……………………………………………………………………(here enter Name and

Address). This is to certify that the above mentioned person has worked/has been working in this Chemical Industry / Laboratory (Strike off whichever is not applicable) as ……………………………………………………..(here enter the name of the post holding or held) in a supervisory capacity as Regular worker /Temporary worker /Apprentice /Trainee /Casual Labourer (Strike off whichever is not applicable) on Rs……………………..per day/ per mensem for a period of ……………years……………months………………days from ……………………to …............ ...

Signature

Name and Designation of Issuing Authority
with Name of the Chemical Industry / Laboratory
(Strike off whichever is not applicable)

Place:
Date: (Office Seal)

CERTIFICATE

Certified that Sri/Smt……………………………………..mentioned in the above Experience Certificate has actually worked/is working as……………………in a supervisory capacity (Specify the nature of employment) in this Chemical Industry / Laboratory (Strike off whichever is not applicable) during the period mentioned therein as per the entry in the above register maintained by the employer as per the provision of ……………….Act (Name of the Act/Rules to be specified). I am the authorized person to inspect the Registers kept by the employer as per the........................................................................................ provision of the Act/Rules of the ………….………….State/Central Act.

Signature with date
Name of attesting Officer with
Designation and Name of Office,
Who is the notified enforcement
Officer as per the Act/Rules

Place :
Date :

(Office Seal)

Note:- All Experience Certificates shall be duly certified by the concerned Controlling Officer/Head of Office of the Government.

**8.** **Training :** Persons appointed to this post shall undergo an inservice training for a minimum period of six months from the date of their joining in the Department. The period of inservice training will be counted for the period of probation and increment.

**9.** **Probation:** Every person appointed to this post shall be on probation from the date on which he joins duty for a total period of two years on duty within a continuous period of three years.

**10.** **Tests :** Every person appointed to this post shall pass Accounts Test Lower / Account Test Higher or Account Test for Executive officers during the period of probation if he has not already passed the test.

11. **Mode of Submitting application:**

Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. Name of the candidate and the date of photograph taken should be printed legibly at the bottom portion of the photograph uploaded. **Candidates who create new profile should upload their photograph taken within the period of six months.** The uploaded photograph having all the required specifications shall be valid for 10 years from the date of taking of photographs. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of personal information and the secrecy of password. Prior to the final submission of the application on the profile, candidates must ensure correctness of the information incorporated in their profile. They must quote the User-ID for further communication with the Commission. Application submitted is provisionally accepted and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, community etc. have to be produced as and when called for.

12. **Candidates who have Aadhaar Card Should add Aadhaar card as ID proof in their profile.**

13. **Last Date for receipt of applications :** **17.07.2024** Wednesday upto 12 Midnight.

14. **Address to which Applications are sent:** www.keralapsc.gov.in

15. The conditions laid down in Paragraphs two, three and twenty five (except the conditions laid down in the Rule 3 (c) of Part II of the Kerala State and Subordinate Service Rules) of General conditions are not applicable to this selection.

16. Appointments are made on the basis of the rank secured in the ranked list of candidates prepared in pursuance of this notification subject to the conditions laid down in G.O (MS) No.142/72/PD dated 13.04.72, G.O (MS) No.309/73/PD dated 29.11.73, G.O.(P) No. 21/76/PD dated, 17.01.1976 and G.O.(P) No.25/94/GAD dated, 22.01.1994 allowing special reservations to Scheduled Caste/Scheduled Tribes in accordance with the procedures made for this purpose from time to time and subject to the rules under sections 3(c), 17(A), 17(B) of Part II of Kerala State and Subordinate Service Rules, 1958.

17. If a written/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile . Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The period regarding the submission of confirmation and the availability of

Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

**18. Special Instructions to Candidates.**

1) In the case of difference in Caste / Community claimed in the application and that entered in SSLC book, the candidate shall produce a Gazette Notification in this regard, along with Community Certificate at the time of certificate verification.

2) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

3) Appropriate disclipinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written / practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disclipinary action against them if they have already been appointed, or any one or more of the above.

(For details including photo and ID card etc. refer to the General Conditions at the end of the notification).

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

# സ്പെഷ്യൽ റിക്രൂട്ട്മെന്റ് – സംസ്ഥാനതലം
# കാറ്റഗറി നമ്പർ :143/2024

താഴെപ്പറയുന്ന തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി കേരള സംസ്ഥാനത്തിലെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒറ്റത്തവണ രജിസ്ട്രേഷന് ശേഷം ഓൺലൈനായി കമ്മിഷന്റെ വെബ് സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിലവിൽ രജിസ്ട്രേഷൻ ഉളള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാം.

1. **വകുപ്പ്** : ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

2. **ഉദ്യോഗപ്പേര്** : കെമിക്കൽ ഇൻസ്പെക്ടർ / ടെക്നിക്കൽ അസിസ്റ്റന്റ് (കെമിക്കൽ)
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടികജാതി/പട്ടികവർഗ്ഗം)

3. **ശമ്പള നിരക്ക്** : ₹ 55200 – 115300 /–

4. **ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്:–** ഈ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും പ്രാബല്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ നിയമന രീതിയിൽ ഈ തസ്തികയുടെ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയ്ക്ക് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കായി അറിയിക്കുന്ന ഒഴിവുകളിലേക്കും, പട്ടികവർഗ്ഗക്കാർക്ക് മാത്രമായി അറിയിക്കുന്ന ഒഴിവുകളിലേക്കും ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകൾക്കായി പട്ടികവർഗ്ഗക്കാർക്കു മാത്രമുള്ള പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

5. **നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടികജാതി/പട്ടികവർഗ്ഗം)

**കുറിപ്പ്:–** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുളളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6. **പ്രായപരിധി** : 23–41

ഉദ്യോഗാർത്ഥികൾ 02.01.1983 നും 01.01.2001 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:–** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

7. **യോഗ്യതകൾ:**

1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും കെമിക്കൽ എഞ്ചിനീയറിംഗിലോ കെമിക്കൽ ടെക്നോളജിയിലോ കുറഞ്ഞത് 55 ശതമാനം മാർക്കോടുകൂടിയ ബിരുദം.

2) ഏതെങ്കിലും സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ, ഏതെങ്കിലും അർദ്ധ സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളോ നടത്തുന്ന കെമിക്കൽ ഇൻഡസ്ട്രിയിലോ ലബോറട്ടറിയിലോ മേൽനോട്ട ചുമതലയുളള തസ്തികയിൽ 2 (രണ്ട്) വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം (പരിചയം, ബിരുദ യോഗ്യത നേടിയതിനു ശേഷമുളളതായിരിക്കണം.)

**കുറിപ്പ്:–**

1) 17.07.1965 ലെ G.O(M.S) No. 526/PD യിലെ വ്യവസ്ഥകൾ പ്രകാരം പാർലമെന്റ് / സംസ്ഥാന നിയമ

സഭകൾ ഇവയിലേതെങ്കിലും പാസാക്കിയ നിയമപ്രകാരം സ്ഥാപിതമായിട്ടുള്ളതോ യു.ജി.സി അംഗീകൃതമായിട്ടുള്ളതോ ആയ സർവകലാശാലകളോ സ്ഥാപനങ്ങളോ നൽകുന്ന ഡിഗ്രികൾ, ഡിപ്ലോമകൾ ഇവ സർക്കാർ സർവ്വീസിലുള്ള നിയമനങ്ങൾക്ക് സ്വീകാര്യമാണ്.

(Link)

https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf

2) യോഗ്യത സംബന്ധിച്ച് KS&SSR part II ലെ Rule 10 (a) (ii) ലെ വ്യവസ്ഥ ബാധകമാണ്.

3) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത / ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

4) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെടുന്ന പരിചയ യോഗ്യത, അടിസ്ഥാന യോഗ്യത ആർജ്ജിച്ചതിനുശേഷം നേടിയതായിരിക്കണം.

5) പരിചയ സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ പരിചയ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെ പേരിൽ നിയമാനുസൃതമായി നടപടികൾ സ്വീകരിക്കുന്നതുമാണ്.

6) പരിചയയോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പ്രവൃത്തി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരി, സ്ഥാപനത്തിന്റെ പേര് എന്നിവ) അപേക്ഷയിൽ രേഖപ്പെടുത്തുകയും അതോടൊപ്പം പരിചയ സർട്ടിഫിക്കറ്റിന്റെ Scanned image upload ചെയ്യുകയും ചെയ്യേണ്ടതാണ്. ഉദ്യോഗാർത്ഥികൾ പ്രസ്തുത സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

## <u>പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃക</u>

1. കെമിക്കൽ ഇൻഡസ്ട്രി / ലബോറട്ടറിയുടെ പേര് :
(കേന്ദ്ര / സംസ്ഥാന സർക്കാർ / അർദ്ധ സർക്കാർ
പൊതു മേഖലാ സ്ഥാപനം എന്നത് വ്യക്തമായി
രേഖപ്പെടുത്തിയിരിക്കണം.)
(ബാധകമല്ലാത്തത് വെട്ടികളയുക)

2 . രജിസ്ട്രേഷൻ (എസ്.എസ്.ഐ .
രജിസ്ട്രേഷൻ /മറ്റേതെങ്കിലും രജിസ്ട്രേഷൻ) :
നമ്പരും രജിസ്റ്റർ ചെയ്ത തീയതിയും

3. ഏത് ഓഫീസിൽ രജിസ്റ്റർ ചെയ്തു എന്നത് :

## <u>പരിചയ സർട്ടിഫിക്കറ്റ്</u>

ശ്രീ/ശ്രീമതി ...................................................................... ..............................................
...............................................................(ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ കെമിക്കൽ ഇൻഡസ്ട്രി / ലബോറട്ടറിയിൽ (ബാധകമല്ലാത്തത് വെട്ടികളയുക) മേൽനോട്ട ചുമതലയുള്ള ........................................................................................................................ ................. തസ്തികയിൽ (സ്ഥിരമായി/താൽക്കാലികമായി/ അപ്രന്റീസ് / ട്രെയിനി / കാഷ്വൽലേബറർ) ആയി (ബാധകമല്ലാത്തത് വെട്ടിക്കളയുക) ............................... രൂപ മാസശമ്പളത്തിൽ / ദിവസശമ്പളത്തിൽ ...................................... മുതൽ ................................. വരെയുള്ള ....................................... വർഷം ..................................... മാസം ............................................ ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ പേര്
ഒപ്പ് (തീയതി സഹിതം)
ഔദ്യോഗിക പദവി,
കെമിക്കൽ ഇൻഡസ്ട്രി / ലബോറട്ടറിയുടെ പേര്
(ബാധകമല്ലാത്തത് വെട്ടികളയുക)

സ്ഥലം:
തീയതി:

(ഓഫീസ് സീൽ)

## സാക്ഷ്യപത്രം

..............................................................എന്ന നിയമത്തിൽ/ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപന ഉടമസ്ഥൻ/ തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കാൻ ബാധ്യതപ്പെട്ട ..............................................................രജിസ്റ്റർ പരിശോധിച്ച് (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ജീവനക്കാരൻ/ജീവനക്കാരി ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ഈ കെമിക്കൽ ഇൻഡസ്ട്രി / ലബോറട്ടറിയിൽ (ബാധകമല്ലാത്തത് വെട്ടിക്കളയുക) ......... ..................................ആയി മേൽനോട്ട ചുമതലയുളള തസ്തികയിൽ ജോലി ചെയ്തിരുന്നു/ജോലിചെയ്യുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഞാൻ കേരള / കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ............................ .........................എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവനവ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം/നിയമപ്രകാരം
സ്ഥാപനത്തിലെ ജീവനക്കാരുടെ
സേവനവ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ
അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്,
തീയതി സഹിതമുള്ള ഒപ്പ് , ഉദ്യോഗപ്പേര്, ഓഫീസ്.

സ്ഥലം:
തീയതി:

(ഓഫീസ് സീൽ)

**കുറിപ്പ്:** എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

8. **ട്രെയിനിംഗ്:** ഈ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നവർ, ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ ചുരുങ്ങിയത് ആറുമാസക്കാലം ഇൻസർവ്വീസ് ട്രെയിനിംഗിന് വിധേയരാകേണ്ടതാണ്. ഇൻസർവ്വീസ് ട്രെയിനിംഗ് കാലയളവ് പ്രൊബേഷനും ഇൻക്രിമെന്റിനും കണക്കാക്കപ്പെടുന്നതാണ്.

9. **പ്രൊബേഷൻ :**

ഈ തസ്തികയിൽ നിയമിക്കപ്പെടുന്നയാൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷക്കാലത്തെ സേവനത്തിനിടയിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

10. **ടെസ്റ്റുകൾ :** ടി തസ്തികയിലേക്ക് നിയമിക്കപ്പെടുന്ന ഏതൊരാളും മുൻപ് വകുപ്പ് തല പരീക്ഷ പാസ്സായിട്ടില്ലാത്ത പക്ഷം പ്രൊബേഷൻ കാലയളവിനുളളിൽ അക്കൗണ്ട് ടെസ്റ്റ് ലോവർ / അക്കൗണ്ട് ടെസ്റ്റ് ഹയർ അല്ലെങ്കിൽ അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ് പാസ്സാകേണ്ടതാണ്.

11. **അപേക്ഷ സമർപ്പിക്കേണ്ട രീതി :**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification –ലെ Apply Now –ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. **പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത അവരുടെ ഫോട്ടോഗ്രാഫ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്** നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന –Link ൽ click ചെയ്ത്**

**അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

12. **ആധാർ കാർഡ് ഉള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

13. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 17.07.2024** ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

14. **അപേക്ഷ സമർപ്പിക്കേണ്ടതായ മേൽവിലാസം :** www.keralapsc.gov.in

15. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

16. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.72 –ലെ ജി.ഒ.(എം.എസ് നമ്പർ.142/72/പി.ഡി, 29.11.73–ലെ ജി.ഒ.(എം.എസ്)നമ്പർ.309/73/പി.ഡി 17/01/1976 –ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 –ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 – ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയവും ആയിരിക്കുന്നതാണ്.

17. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലും നൽകുന്നതാണ്.

18. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ** :

1.ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ ശരിയായ ജാതി അപേക്ഷയിൽ അവകാശപ്പെടുകയും ആയത് തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, ഇത് സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം എന്നിവ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

2.ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയ ശേഷം അപേക്ഷ സമർപ്പിക്കേണ്ടതാണ്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

3.വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ

അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ ഡി കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് പൊതു വ്യവസ്ഥകൾ നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ